**കേരള നിയമസഭ നടപടിക്രമവും കാര്യനിർവ്വഹണവും ചട്ടം 304 അനുസരിച്ച് ബഹു.എം.എൽ.എ ശ്രീ.സികെ.ശശീന്ദ്രൻ ഉന്നയിച്ച 22.01.2021 - ന് മറുപടി പറയേണ്ട സബ്മിഷൻ - തോട്ടം തൊഴിലാളികൾക്ക് ലൈഫ് പദ്ധതി - സംബന്ധിച്ച്.**

തോട്ടം മേഖലയിലെ ഭവനരഹിതരായ എല്ലാ തോട്ടം തൊഴിലാളികൾക്കും വീട് നിർമ്മിച്ച് നൽകുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി 2017 -ൽ ഭവനം ഫൗണ്ടേഷൻ കേരളയുടെ സഹകരണത്തോടെ തോട്ടം മേഖലയിൽ പ്രാഥമിക സർവ്വേ നടത്തുകയും 32452 ഭവനരഹിതരെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഭവനരഹിതരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു

**തോട്ടം മേഖലയിലെ പ്രാഥമിക സർവ്വെ വിവരങ്ങൾ**

| ജില്ല | റിട്ടയർ ചെയ്തവരെ സംബന്ധിച്ച് | | നിലവിൽ ജോലിചെയ്യുന്നവരെ സംബന്ധിച്ച് | | അപേക്ഷകരുടെ എണ്ണം. |
|---|---|---|---|---|---|
| | സ്ഥലമോ വീടോ ഇല്ലാത്തവർ | സ്ഥലം ഉണ്ടായിട്ടും വീട് ഇല്ലാത്തവർ | സ്ഥലം ഉണ്ടായിട്ടും വീട് ഇല്ലാത്തവർ | സ്ഥലമോ വീടോ ഇല്ലത്തവർ | |
| തിരുവനന്തപുരം | 182 | 34 | 56 | 229 | 501 |
| കൊല്ലം | 673 | 61 | 303 | 2077 | 3114 |
| പത്തനംതിട്ട | 269 | 38 | 352 | 1225 | 1884 |
| ആലപ്പുഴ | 0 | 0 | 2 | 8 | 10 |
| കോട്ടയം | 81 | 10 | 119 | 539 | 749 |
| എറണാകുളം | 21 | 6 | 96 | 315 | 438 |
| ഇടുക്കി | 2422 | 726 | 2261 | 14117 | 19526 |
| തൃശ്ശൂർ | 47 | 13 | 187 | 732 | 979 |
| പാലക്കാട് | 164 | 21 | 115 | 712 | 1012 |
| മലപ്പുറം | 0 | 01 | 45 | 121 | 167 |
| കോഴിക്കോട് | 6 | 1 | 199 | 120 | 326 |
| വയനാട് | 438 | 126 | 818 | 2105 | 3487 |
| കണ്ണൂർ | 0 | 0 | 9 | 6 | 15 |
| കാസർഗോഡ് | 0 | 8 | 153 | 83 | 244 |
| **ആകെ** | **4303** | **1045** | **4715** | **22389** | **32452** |

ഭവനരഹിതരായ തോട്ടം തൊഴിലാളികളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ തോട്ടം തൊഴിലാളികൾക്കും വീട് നിർമ്മിച്ച് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുള്ള വിഷയമാണ്.

ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്കുള്ള ഭവനം പ്രൊജക്ട് - ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീം, ഭവനം ഫൗണ്ടേഷൻ കേരള (BFK) മുഖേന നടപ്പിലാക്കി വരുന്നു. ലൈഫ് പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട തോട്ടം തൊഴിലാളികളായ 10 പേരെ ഇടുക്കി ജില്ലയിൽ

ഗാർ മേഖലയിൽ തെരഞ്ഞെടുക്കുകയും 5 വീട്ടുകളുടെ നിർമ്മാണം പൂർത്തിയാക്കി 2020 ജനുവരിയിൽ ബഹു. തൊഴിൽ വകുപ്പ് മന്ത്രി ഗുണഭോക്താക്കൾക്ക് താക്കോൽ കൈമാറിയിട്ടുമുണ്ട്. ശേഷിച്ച 5 വീട്ടുകളുടെ നിർമ്മാണം ഒരു മാസത്തിനകം പൂർത്തിയാകുന്നതുമാണ്.

ഭവനം പദ്ധതിയുടെ കീഴിൽ ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീമിൽ ഉൾപ്പെടുത്തി കൊല്ലം ജില്ലയിലെ കുളത്തുപ്പുഴയിലെ ആർ.പി.എൽ എസ്റ്റേറ്റിൽ 5 ഏക്കർ സ്ഥലത്ത് 412.6 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണത്തിൽ 40 വീട്ടുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

ഭവനം പദ്ധതി നടപ്പിലാക്കുന്നതിനായി വയനാട് ജില്ലയിൽ വൈത്തിരി താലൂക്കിലെ ചുണ്ട വില്ലേജിൽ റീസർവ്വെ നമ്പർ 21/112 (21/44) -ൽ 0.4047 ഹെക്ടർ അനുയോജ്യമായ ഭൂമി ജില്ലാ കളക്ടർ കണ്ടെത്തുകയും, തുടർന്ന് ടി ഭൂമിയിൽ കിറ്റ്കോ ടോട്ടൽ സ്റ്റേഷൻ സർവ്വേ നടത്തുകയും ടി സ്ഥലത്തേക്ക് അപ്രോച്ച് റോഡ് ലഭ്യമല്ലെന്ന് അറിയിക്കുകയുണ്ടായി. തുടർന്ന് ഭവനം ഫൗണ്ടേഷൻ കേരള (BFK), ജനപ്രതിനിധികളുമായി ബന്ധപ്പെട്ട് പ്രസ്തുത റോഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയുമാണ്.

വയനാട് ജില്ലയിൽ തോട്ടം തൊഴിലാളികൾക്കായി ഭവന സമുച്ചയം നിർമ്മിക്കുന്നതിനായി ചെമ്പ്ര എസ്റ്റേറ്റ് ഉടമ ശ്രീ. അലി മുബാറക് വയനാട്ടിലെ കോട്ടപ്പടി പൂഴമൂലയിൽ സർവ്വെ നമ്പർ 211/1 ലുള്ള ഒരു ഏക്കർ സ്ഥലം വയനാട് ജില്ലാ കളക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്. സംസ്ഥാന ബീവറേജ് കോർപ്പറേഷന്റെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) ഫണ്ടിൽ നിന്നും 4 കോടി ഉപയോഗിച്ച് 100 തോട്ടം തൊഴിലാളികൾക്ക് വാസയോഗ്യമായ ഭവനസമുച്ചയം നിർമ്മിച്ച് നൽകാനുള്ള നടപടികൾ, സർക്കാരിന്റെ 100 ദിന കർമ്മപരിപാടികളിൽ ഉൾപ്പെടുത്തി, സ്വീകരിച്ചു വരുന്നു. ഇക്കാര്യത്തിൽ വയനാട് ജില്ലാ കളക്ടറെ മേൽ നടപടികൾക്കായി ചുമതലപ്പെടുത്തിയിട്ടുണ്ട്.